വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ): 2005-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല (ഭേദഗതി) ബിൽ സോഷ്യൽ സർവ്വീസസ് സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

VII ക്രമപ്രശ്നം

(a) ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ അങ്ങയ്ക്ക് ഒരു ഒബ്ജക്ഷൻ എഴുതിത്തന്നിരുന്നു. നിയമസഭാചട്ടം 74 പ്രകാരം നിയമനിർമ്മാണാധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന കാര്യത്തിന്റെ വിശദീകരണ മെമ്മോറാണ്ടം ബില്ലിനോടൊപ്പം ഉണ്ടാകേണ്ടതാണ്. ഇപ്പോൾ തന്നിട്ടുള്ള 255-ാം നമ്പർ ബിൽ, 2005-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലാ (ഭേദഗതി) ബില്ലിലെ 12-ാം ക്ലോസിൽ നിയമനിർമ്മാണാധികാരങ്ങൾ ഉൾപ്പെടെയുള്ള ചില അധികാരങ്ങൾ വൈസ്ചാൻസിലർക്ക് ഇല്ലാതെ വരികയാണെങ്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്; കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണെന്ന് അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ ബില്ലിൽ ഉദ്ദേശ കാരണങ്ങളുടെ വിവരണവും ധനകാര്യ മെമ്മോറാണ്ടവും അല്ലാതെ നിയമസഭാചട്ടം 74 പ്രകാരമുള്ള നിയമനിർമ്മാണാധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന ബില്ലിലെ വിശദീകരണ മെമ്മോറാണ്ടം വിട്ടുകളഞ്ഞിരിക്കുകയാണ്. അത് ബോധപൂർവമാണെന്നുള്ളത് വളരെ വ്യക്തമാണ്. കാരണം വൈസ്ചാൻസിലറെപ്പോലെ ഒരു സർവകലാശാലാ പദവിയിലിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട, ആട്ടോണമസ് പദവിയിലുള്ള അക്കാഡമിക്, അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഉള്ള അദ്ദേഹത്തിന്റെ അധികാരങ്ങളാണ് ഇവിടെ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ, ചെയ്യേണ്ടതാണെന്ന് പറഞ്ഞ് 12-ാം ക്ലാസ് ആയി നിലവിലുള്ള മൂലനിയമത്തിൽ 24-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അപ്പോൾ ബോധപൂർവമായി സർവകലാശാലയുടെ ആട്ടോണമസ് ബോഡിയെത്തന്നെ കഴുത്തുഞെരിച്ച് കൊല്ലുംവിധത്തിലുള്ള സുപ്രധാന കാര്യമാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് കവർന്നെടുക്കുന്നത്. അത് നിയമസഭയിൽ നിന്ന് മറച്ചുപിടിക്കുകയും ചെയ്യുന്നു. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത്, ഇത് ഒരു ഓർഡിനൻസായി 2005 ജനുവരി 6-ാം തീയതി ഇറക്കിയതാണ്. ഇങ്ങനെ ഒരു ഓർഡിനൻസ് ഇറക്കേണ്ട അടിയന്തിര ഘട്ടമെന്താണ്? നിയമസഭാചട്ടം 75 പ്രകാരം ഓർഡിനൻസ് ഇറക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്. അതിൽ പറയുന്നത് ഓർഡിനൻസ് മുഖേന അടിയന്തിര നിയമ നിർമ്മാണം നടത്തേണ്ടത് അത്യാവശ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന ബില്ലിനോടൊപ്പം നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ് എന്നാണ്. ആ പ്രസ്താവന ഒന്നും നമുക്ക് തന്നിട്ടില്ല. ഉദ്ദേശ കാരണങ്ങളുടെ അവസാന ഭാഗത്ത് ഒരു കാര്യം പറയുന്നുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു ബിൽ 11-ാം നിയമസഭയുടെ 223-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചെങ്കിലും സഭയുടെ നിയമനിർമ്മാണ കാര്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള സമയക്കുറവുമൂലം അത് നിയമമാക്കാൻ സാധിച്ചിട്ടില്ല. 223-ാം നമ്പർ ബിൽ നിയമ സഭാംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്തതിന്റെ കോപ്പിയുണ്ട്. ശ്രീ. നാലകത്ത് സൂപ്പിയാണ് ആ ബിൽ സർക്കുലേറ്റ് ചെയ്തത്. അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കേ 2004 ആദ്യം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്ത ബിൽ നിയമസഭാ സമ്മേളനം നടന്നിട്ടും നിയമനിർമ്മാണമായി കൊണ്ടുവരാതെ നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം, ഞങ്ങൾക്ക് 11-ാം നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നു പറഞ്ഞ്, 2005 ജനുവരി 6-ാം തീയതി പ്രത്യേക ഓർഡിനൻസായി ഇറക്കേണ്ട അടിയന്തിര പ്രാധാന്യമെന്താണ്? ഓർഡിനൻസ് ഇറക്കേണ്ട ഒരു അടിയന്തിര പ്രാധാന്യവും ഉണ്ടായിരുന്നില്ല. ആ അവസരമെല്ലാം കവർന്നെടുത്തുകൊണ്ട്, അവിടെയുള്ള സിൻഡിക്കേറ്റ് പിരിച്ചുവിടണം. അതാണ് എനിക്കു മനസ്സിലാകാത്തത്, എന്തിനാണ് ഓർഡിനൻസ് ഇറക്കിയതെന്നു ചോദിച്ചാൽ, ആ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിനെ പിരിച്ചുവിടാനും, തലപ്പത്തിരിക്കുന്നവരെ ഒഴിവാക്കാനും വേണ്ടിമാത്രമാണ് ഇത്തരമൊരു നിയമനിർമ്മാണം ഓർഡിനൻസായി കൊണ്ടു വന്നിട്ടുള്ളത്. അതുകൊണ്ട് ഇതു നിയമസഭാ ചട്ടം 74- ന്റേയും 75-ന്റേയും കടുത്ത ലംഘനവും, നിയമനിർമ്മാണ സഭയോടുള്ള അനാദരവും ജനാധിപത്യ വിരുദ്ധവുമാണ്. സർവ്വകലാശാലയുടെ ആട്ടോണമിയെ നശിപ്പിക്കാൻ ഈ നിയമസഭ കൂട്ടുനിന്നുകൂടാ എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ തടസ്സവാദം എഴുതിത്തന്ന് ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഒറിജിനൽ ആക്ടിലെ 24 (6)-ഉം പുതിയ ആക്ടിലെ 12 (6)-ഉം വായിക്കുമ്പോൾ കൺഫ്യൂഷൻ തീരും. ഒറിജിനൽ ആക്ടിലെ 24 (6)-ൽ പറഞ്ഞ വാചകം ഇതായിരുന്നു. "വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിൽ ഒരു താൽക്കാലിക ഒഴിവു വരുകയോ അഥവാ വൈസ് ചാൻസലർ താൽക്കാലികമായി സന്നിഹിതൻ ആകാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, ചാൻസലർ, വൈസ് ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." ഈ നിയമത്തിൽ Principal Dean of Studies ഇല്ല. അത് കട്ട് ചെയ്തിരിക്കുന്നു. ഈ നിയമത്തിന്റെ ഒരു പോയിന്റ് എന്നു പറയുന്നത് ആ പോസ്റ്റ് ഒഴിവാക്കിയിരിക്കുന്നു. ആ പോസ്റ്റ് ഒഴിവാക്കുന്ന സമയത്ത് ഉണ്ടാകുന്ന കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രൊവിഷനാണ് 12 (6)-ൽ ഉള്ളത്. അതായത് ഈ Principal Dean of Studies ഇല്ലാതെ വരുന്ന ഒരു സാഹചര്യം ഈ നിയമത്തിൽ ഉണ്ടാകുന്നതിന്റെ ഫലമായി എന്തും സംഭവിക്കാം. "വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിൽ ഒരു താൽക്കാലിക ഒഴിവു വരുകയോ അഥവാ വൈസ് ചാൻസലർ താൽക്കാലികമായി സന്നിഹിതൻ ആകാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, ചാൻസലർ, വൈസ് ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." അത് ഒരു യൂണിവേഴ്സിറ്റിയുടെ ഭരണഘടനാപരമായ പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പാണ്. അല്ലാതെ ഡെലിഗേറ്റഡ് പവേഴ്സുമായി ഇതു ബന്ധപ്പെട്ട് നിൽക്കില്ല. ഓർഡിനൻസ് സംബന്ധിച്ച് അദ്ദേഹം പറഞ്ഞത്, ഓർഡിനൻസ് നേരത്തെ സർക്കുലേറ്റ് ചെയ്തിരുന്നു. സമയം കഴിഞ്ഞപ്പോൾ അതു ലാപ്സായിപ്പോയി. യൂണിവേഴ്സിറ്റിയുടെ ആട്ടോണമിപോലുള്ള ചില സംഗതികളെക്കുറിച്ച് ഞാൻ പിന്നീടു പറയാം. ബില്ലിന്റെ ചർച്ചയ്ക്ക് ധാരാളം സമയമുണ്ട്. ഇതിൽ ഗവൺമെന്റിന് എന്ത് ദുരുദ്ദേശ്യമാണുള്ളത്? ഈ നിയമം പാസ്സായി വരികയാണെങ്കിൽ ശരിയായ വിധത്തിലുള്ള ആട്ടോണമി ഉറപ്പു വരുത്തുകയും യൂണിവേഴ്സിറ്റിയുടെ ഡെമോക്രസി ഉറപ്പുവരുത്തുകയുമാണ് ചെയ്യുന്നത്. അതിൽ മറ്റൊരു ദുരുദ്ദേശ്യവുമില്ല. ഇവിടെ പ്രതിസന്ധി വന്നു. എന്നുപറഞ്ഞാൽ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റു കൂടാൻ പറ്റുന്നില്ല. ഭരണഘടനാ പ്രതിസന്ധി വന്നിരിക്കുന്നു. കാര്യങ്ങൾ നീക്കാൻ പറ്റുന്നില്ല. യു.ജി.സി.യിൽ നിന്ന് recommendation കിട്ടാത്തതിന്റെ ഫലമായി സംസ്കൃത യൂണിവേഴ്സിറ്റിക്ക് ഫണ്ടുപോലും ലഭിക്കാതെ വളരെ അപകടകരമായ ഒരു സാഹചര്യം വന്ന സമയത്ത് ചാൻസലർ തുടർച്ചയായി മുഖ്യമന്ത്രിക്ക് എഴുതുകയായിരുന്നു. ഇതു ചെയ്തില്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ നിലനിൽപ്പുതന്നെ അപകടത്തിലാകും എന്നുള്ള സ്ഥിതി വന്നപ്പോഴാണ് ഇങ്ങനെ ചെയ്തത്. അല്ലാതെ നിയമസഭയുടെ അധികാരത്തെ ബൈപ്പാസ് ചെയ്യാൻ കൊണ്ടുവന്ന ഒരു ഓർഡിനൻസല്ല. യൂണിവേഴ്സിറ്റിയുടെ നിത്യ ഭരണസംവിധാനം തകരാറിലാകുമെന്നുള്ളതുകൊണ്ട്, അതു മീറ്റ് ചെയ്യാൻ കൊണ്ടുവന്നതാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ രണ്ട് ഒബ്ജക്ഷനും നിലനിൽക്കുന്നതല്ല

മി. സ്പീക്കർ: റൂൾ 74-നെപ്പറ്റി എന്താണ് പറഞ്ഞത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: റൂൾ 74 പ്രകാരം ആദ്യത്തെ ആക്ടിൽ ഉണ്ടായിരുന്നത് ഞാൻ വിശദീകരിച്ചു. ആദ്യത്തെ ആക്ടിൽ ഉണ്ടായിരുന്നത്, പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസിന്റെ ഒഴിവു വരുന്നസമയത്ത്, ഇപ്പോൾ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് ചെയ്യുന്ന ജോലി, അതായിരുന്നു അതിലുണ്ടായിരുന്നത്. ഈ ആക്ടിൽ Principal Dean of Studies ഇല്ല. ആ സ്ഥാനം പോകുകയാണ്. ആ സമയത്ത് അദ്ദേഹം ചെയ്തുകൊണ്ടിരുന്ന ജോലി, എന്തെല്ലാം കാര്യങ്ങൾ ചെയ്യുമായിരുന്നോ അതിനുള്ള ബദൽ സംവിധാനം ചാൻസലറോ വൈസ് ചാൻസലറോ ഉണ്ടാക്കേണ്ടതാണ് എന്നാണ് ഇതിൽ പറയുന്നത്.

മി. സ്പീക്കർ: ഇതിനു വിശദീകരണം വേണ്ടേ എന്നാണ് ചോദിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: മെയിൻ ആക്ടിൽ ഓരോ വൈസ് ചാൻസലറുടെയും പദവി വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതിൽ അത്രയും മൈന്യൂട്ടായി പറഞ്ഞിട്ടില്ല എന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിൽ, എട്ടാമത്തെ പേജിൽ, ഏല്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടമുണ്ട്. സമാന സ്വഭാവമുള്ള ചില നിയമ നിർമ്മാണാധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്ന കാര്യം ഇതിനകത്ത് പറയുന്നുണ്ട്. Principal Dean അതിലില്ല. പക്ഷേ സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ ഡെലിഗേറ്റു ചെയ്യുന്ന ചില കാര്യങ്ങൾ പറയുന്നുണ്ട്, സെനറ്റിന്റെ അധികാരം സിൻഡിക്കേറ്റിനു കൊടുക്കുന്ന കാര്യം. പക്ഷേ ഏല്പിച്ച നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം 2005-ലെ സർവ്വകലാശാലാ (ഭേദഗതി) ബില്ലിൽ കൊണ്ടുവരികയും സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലിൽ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഈ നിയമസഭയിൽ തന്നെ ബില്ലുകളോട് രണ്ട് സമീപനം സ്വീകരിക്കുന്ന നമ്മുടെ 74-ാം ചട്ടത്തിനെതിരായ കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. തികച്ചും റെലവന്റായ കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: യൂണിവേഴ്സിറ്റി നിയമത്തിൽ അതുണ്ട്. കാരണമെന്താണെന്നറിയാമോ? യൂണിവേഴ്സിറ്റി നിയമത്തിൽ മൗലികമായ ഒരു ചെയിഞ്ചുണ്ട്. എന്താണത്? Powers of the Senate is best of the Syndicate. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അത് കാണിക്കണം. ഇത് അതല്ല. ഇത് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് വരുന്നസമയത്ത് അദ്ദേഹത്തിൽ നിക്ഷിപ്തമാകുമായിരുന്ന കാര്യം എങ്ങനെയാണ് വൈസ് ചാൻസലർ ഈ സ്ഥാനം ഏറ്റെടുക്കുന്ന സമയത്ത് ചെയ്യുക എന്നുള്ളതിന്റെ വിശദീകരണമാണ്. നിയമനിർമ്മാണാധികാരമല്ല. നിയമനിർമ്മാണാധികാരത്തിന്റെ പ്രശ്നമില്ല. മറ്റെ സ്ഥലത്ത് നിയമനിർമ്മാണാധികാരമാണ്. കാരണം സെനറ്റിൽ ചില പവേഴ്സുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മറ്റു സർവ്വകലാശാലകളിലെല്ലാം പരീക്ഷാ കൺട്രോളർ എന്നു പറയുന്ന ഒരു സ്ഥാനമുണ്ട്. എന്നാൽ സംസ്കൃത സർവ്വകലാശാലയിൽ പരീക്ഷാ കൺട്രോളറുടെ ചുമതല നിർവ്വഹിക്കുന്നത് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസാണ്. അപ്പോൾ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസില്ലാതാകുമ്പോൾ പരീക്ഷാ നടത്തിപ്പിന്റെ ചുമതല ആരു വഹിക്കും എന്നുള്ളത് ഈ നിയമത്തിൽ പറയുന്നതിന് എന്താണ് നിങ്ങൾക്ക് ഒരു തടസ്സം?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പറയേണ്ട കാര്യമില്ല. കാരണമെന്താണെന്നുവച്ചാൽ യൂണിവേഴ്സിറ്റിയിൽ പരീക്ഷകന്റെ ജോലി ആർ ചെയ്യും, സൂപ്പർവിഷന്റെ ജോലി ആർ ചെയ്യുമെന്നൊക്കെ പറയേണ്ട കാര്യമില്ല. ഇതൊക്കെ ആ റൂൾസിന്റെ ഭാഗമായിട്ട് വരേണ്ട കാര്യങ്ങളാണ്. റൂൾസ് വരുമ്പോൾ അതുണ്ടാകും. ഇതൊന്നും മൈടൂട്ടായി ഒരു നിയമത്തിലും പറയാറില്ല. മെയിൻ ആക്ട് നോക്കിയാൽ നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആക്ടിനു വിധേയമായി മാത്രമേ റൂൾസുണ്ടാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly